(സി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 2015 മെയ് മാസംവരെ ആകെ 119,76,53,559 (നൂറ്റിപത്തൊൻപത് കോടി എഴുപത്തിയാറ് ലക്ഷത്തി അൻപത്തി മൂന്നായിരത്തി അഞ്ഞൂറ്റി അമ്പത്തൊമ്പത്) രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ തുടങ്ങി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിലുമാണ് റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിവരുന്നത്.

സഹകരണ സമുച്ചയത്തിന്റെ നിർമ്മാണം

73(2061) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണങ്ങളും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ സഹകരണ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി സഹകരണസംഘങ്ങളിൽനിന്നും ആകെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സഹകരണ സമുച്ചയ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തെ സഹകരണ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി സഹകരണ സംഘങ്ങളിൽനിന്നും നാളിതുവരെ 69,22,12,698 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	3,64,41,500
കൊല്ലം	5,38,39,000
ആലപ്പുഴ	1,45,31,000

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട	2,16,35,000
കോട്ടയം	6,70,29,000
ഇടുക്കി	1,32,79,500
എറണാകുളം	4,65,29,500
തൃശ്ശൂർ	6,97,80,000
പാലക്കാട്	4,75,95,000
മലപ്പുറം	4,32,96,500
കോഴിക്കോട്	5,81,50,000
വയനാട്	35,15,000
കണ്ണൂർ	4,25,17,050
കാസർഗോഡ്	1,85,74,648
ആകെ	53,67,12,698

ബോർഡുകൾ

കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡ്	1,50,00,000
കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡ്	1,00,00,000
കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്	2,00,00,000
കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്	1,00,00,000
ആകെ	5,50,00,000

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അപ്പക്സ് സ്ഥാപനങ്ങൾ	
കേരള സംസ്ഥാന സഹകരണ ബാങ്ക്	50,00,000
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (പ്രാഥമിക ബാങ്കുകളുടെ വിഹിതം ഉൾപ്പെടെ)	1,50,00,000
ആകെ	2,00,00,000
ജില്ലാ സഹകരണ ബാങ്കുകൾ	
തിരുവനന്തപുരം	50,00,000
കൊല്ലം	50,00,000
ആലപ്പുഴ	50,00,000
പത്തനംതിട്ട	25,00,000
കോട്ടയം	50,00,000
ഇടുക്കി	50,00,000
എറണാകുളം	1,00,00,000
തൃശ്ശൂർ	1,50,00,000
പാലക്കാട്	25,00,000
മലപ്പുറം	50,00,000
കോഴിക്കോട്	1,00,00,000
വയനാട്	50,00,000
കണ്ണൂർ	50,00,000
കാസർഗോഡ്	5,00,000
ആകെ	8,05,00,000

ആകെ തുക - 69,22,12,698

(ബി) നിർദ്ദിഷ്ട മന്ദിരം 11 നിലകളിലായി നിർമ്മിക്കുന്നതിനാണ് ആദ്യം നടപടി സ്വീകരിച്ചത്. ഇതനുസരിച്ച് 68.50 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. നിർദ്ദിഷ്ട മന്ദിരം 14 നിലകളായി വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക 89 കോടി രൂപയാണ്.

റിസ്ക് ഫണ്ട് പദ്ധതി

74(2062) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതിയിൽ എന്തെല്ലാം മാറ്റങ്ങൾവരുത്തി ; വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; മുൻ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് ഈ ഇനത്തിൽ നൽകിയത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പ കാലാവധികഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ്

LIBRARY ARCHIVES Kerala Legislative Assembly